**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 84** **12-06-2024 - ൽ മറുപടിയ്ക്ക്**

**എ.ബി.സി.ഡി. പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആവശ്യമായ അടിസ്ഥാന രേഖകൾ ലഭ്യമാക്കുന്നതിനും അവ സുരക്ഷിതമായി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും നടപ്പിലാക്കിയ എ.ബി.സി.ഡി. പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ജനന സർട്ടിഫിക്കറ്റ്, ആധാർകാർഡ്, റേഷൻകാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, ആരോഗ്യ ഇൻഷുറൻസ് കാർഡ്, ബാങ്ക് പാസ്സ് ബുക്ക്, വിദ്യാഭ്യാസ രേഖകൾ, പെൻഷൻ രേഖകൾ തുടങ്ങിയ ആധികാരിക രേഖകൾ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്നതിനും ആയവ ഡിജിറ്റലൈസ് ചെയ്ത് ഡിജിലോക്കറിൽ സൂക്ഷിക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് എ.ബി.സി.ഡി പദ്ധതി (അക്ഷയ ബിഗ് ക്യാമ്പയിൽ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ). പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആവശ്യമായ അടിസ്ഥാന ആധികാരിക രേഖകൾ ഇല്ലാത്തതിനാൽ വിവിധ സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സാഹചര്യം ഒഴിവാക്കുന്നതിനും, പട്ടിക വർഗക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഗുണഫലങ്ങൾ സമയബന്ധിതമായി അവരിൽ എത്തിക്കുന്നതിനും ടി വിഭാഗത്തിൽപ്പെട്ടവരുടെ ആധികാരിക രേഖകൾ സുരക്ഷിതമായും സ്ഥായിയായും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുക എന്നതാണ് ABCD പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത ലക്ഷ്യങ്ങൾ എത്രത്തോളം നേടിയെടുക്കുവാൻ സാധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ പദ്ധതി 90% പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. വയനാട്, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ എ.ബി.സി.ഡി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 137 പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചതിലൂടെ 1,84,360സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ഏതൊക്കെ ജില്ലകളിൽ പ്രസ്തുത പദ്ധതി പൂർത്തിയായിട്ടുണ്ട്; എല്ലാ ജില്ലകളിലും ഈ പദ്ധതി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | വയനാട്, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ എ.ബി.സി.ഡി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ക്യാമ്പ് |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. മറ്റ് ജില്ലകളിൽ ഇലക്ഷൻ പെരുമാറ്റ ചട്ടം നിലനിന്നിരുന്നതിനാൽ താൽക്കാലികമായി നിർത്തി വെച്ചിരുന്ന പ്രസ്തുത പദ്ധതി പുനരാരംഭിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ